കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്

2018-19

# ഓഡിറ്റ് റിപ്പോർട്ട്


ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

നം.കെ.എസ്.എ.ടി.എസ്.ആർ (പി.9)-699/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തിയ്യതി: 28.07.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-2 ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ടി.എസ്.ആർ(പി.9)-699/2020 തീയതി :28.07.2020

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.03.19 മുതൽ 30.06.20 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. റിപ്പോർട്ടിലെ 2-1, 3-1, 3-2 ഖണ്ഡികകളിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-07-2020 മുതൽ 15-07-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ ശിവദാസൻ എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ സലീഷ് എം.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ജയൻ വി.എസ്, ഓഡിറ്റർ |
| | ശ്രീ ജോയ്സൻ സി.ജെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഇ.എം ഉമ്മർ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.പി.എം.മനോജ് കുമാർ | 01-04-2018 മുതൽ 21-06-2018 വരെ |
| | ശ്രീ.എം.കെ.ദിനേഷ്. (സെക്രട്ടറി ഇൻചാർജ്ജ്) | 21-06-2018 മുതൽ 25-06-2018 വരെ. |
| | ശ്രീ.ഇ.ജെ.ഫോർബി | 26-06-2018 മുതൽ 27-09-2018 വരെ. |
| | ശ്രീ.എം.കെ.ദിനേഷ്. (സെക്രട്ടറി ഇൻചാർജ്ജ്) | 28-09-2018 മുതൽ 30-11-2018 വരെ. |
| | ശ്രീ.ഷെജി തോമസ്.പി. (സെക്രട്ടറി ഇൻചാർജ്ജ്) | 01-12-2018 മുതൽ 19-12-2018 വരെ |
| | ശ്രീ.ഇ.ജെ.ഫോർബി | 20-12-2018 മുതൽ 14-03-2019 വരെ. |
| | ശ്രീ.ഷെജി തോമസ്.പി (സെക്രട്ടറി ഇൻചാർജ്ജ്) | 15-03-2019 മുതൽ 31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.എം.കെ.ദിനേഷ്. | 1-4-2018മുതൽ |

| | | |
|---|---|---|
| | | 31-3-2019 വരെ |
| ഹെഡ്മിസ്ട്രസ് ജി.ടി.എസ്, എച്ചിപ്പാറ | ശ്രീമതി.കദീജാബി.പി.കെ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ,സി എച്ച് സി | ഡോ.സുഷിൻ സുന്ദരൻ | 01.04.18 മുതൽ 01-03-2019 വരെ |
| | ഡോ.സുനിത.വി.എം | 02.03.19 മുതൽ 31-3-2019 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ഷീജ.സി.യു. | 01-04-18 മുതൽ 07.07.18വരെ. |
| | ഡോ.ആശ.കെ | 08-07-18 മുതൽ 31.03.19വരെ. |
| കൃഷി ഓഫീസർ | ഡോ.സ്വപ്ന | 01.04.18മുതൽ 31-03-19വരെ |
| വെറ്ററിനറി സർജൻ | ഡോ. ദേവി.എസ്. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.അനിൽകുമാർ (വേലൂപ്പാടം സർക്കിൾ) | 01.04.18 മുതൽ 06.10.18 വരെ |
| | പ്രസന്ന .പി.വി(നന്തിപുലം സർക്കിൾ) | 01-04-18 മുതൽ 31-03-19 വരെ |
| | ശ്രീമതി.സുധ.പി.വി. (വരന്തരപ്പിള്ളി സർക്കിൾ) | 01.04.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.ദിവ്യ ഗോപിനാഥൻ. | 01.04.18 മുതൽ 15.07.18 വരെ |
| | ശ്രീമതി.ജനോവ | 16.07.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.മുഹമ്മദ് റീസ് | 01.04.18മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ശാലിനി വി | 01.04.18മുതൽ 31.03.19 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപെൻഷനുകൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ – അപാകതകൾ | 1-11 |
| 12 | ഡി &ഒ ലൈസൻസ് പൊതു അപാകതകൾ | 1-12 |
| 13 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അനുമതിയില്ലാതെ വേക്കൻസി റമിഷൻ അനുവദിക്കുന്നു | 1-13 |
| 14 | ക്രമവത്ക്കരണ അപേക്ഷകളിൽ ചട്ടപ്രകാരമുള്ള | 1-14 |

| | | |
|---|---|---|
| | നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതാണ് | |
| 15 | തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ | 1-15 |
| 16 | വാടക ഈടാക്കേണ്ടതാണ് | 1-16 |
| 17 | ആദായ നികുതി ഈടാക്കിയില്ല | 1-17 |
| 18 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ | 1-18 |
| 19 | ലൈഫ് ഭവന പദ്ധതി - പണി പൂർത്തിയാക്കാത്തവയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-19 |
| 20 | രേഖകൾ ലഭ്യമാക്കാത്ത പദ്ധതികൾ | 1-20 |
| 21 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-21 |
| 22 | എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 1-22 |
| 23 | തൊഴിലുറപ്പു പദ്ധതി -ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം | 1-23 |
| 24 | പാർട്ട് ബില്ലിനു ശേഷം കരാർ റദ്ദു ചെയ്യാതെ റിടെൻഷൻ തിരികെ നൽകി | 1-24 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ | 1-25 |
| 26 | ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകിയതിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-26 |
| 27 | എസ്.സി.യുവാക്കൾക്ക് വാദ്യോപകരണങ്ങൾ നൽകൽ - അപാകതകൾ | 1-27 |
| 28 | ബാലസഭ പ്രവർത്തനങ്ങൾക്ക് തുക നൽകിയത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 1-28 |
| | ഭാഗം 2 | |
| 29 | എഗ്രിമെന്റ് വെക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 2-1 |
| | ഭാഗം-3 | |
| 30 | ബാലസഭ പ്രവർത്തനങ്ങൾക്ക് തുക നൽകിയത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല | 3-1 |
| 31 | ടെണ്ടർ ചെയ്ത നിരക്കിനേക്കാളും അധിക തുക നൽകിയത് ഈടാക്കേണ്ടതാണ് | 3-2 |
| | ഭാഗം 4 | |
| 32 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| | | |

| | | |
|---|---|---|
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 37 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 40 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 44 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ റിവൈസ്ഡ് ബജറ്റ് 25.02.2019 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 279571302 രൂപയും ചെലവ് 229178300 രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 11.06.2019 | 31-07-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13753604 |
| വരവ് | 133654707 |
| ആകെ | 147408311 |
| ചെലവ് | 119288915 |
| നീക്കിയിരിപ്പ് | 28119396 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 27036000 | 27036000 | 25320789 | 1715211 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7279000 | 7279000 | 4992594 | 2286406 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1059000 | 1059000 | 684772 | 374228 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 24659000 | 24659000 | 24122146 | 536854 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5554000 | 5554000 | 4191600 | 1362400 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ACR പ്രകാരം) | 0 | 14989493 | 14989493 | 11547547 | 3441946 |

# 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 149396353 | 252 | 93687402 | 1 | 81 | 75.44% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4315 | 577986 | 582301 | 580788 | 1513 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 29581146 | 29581146 | 29581146 | |

# 1-7 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 195120 | 143 |
| കർഷകതൊഴിലാളി പെൻഷൻ | 8716500 | 672 |
| വിധവാ പെൻഷൻ | 20162500 | 1650 |
| വാർദ്ധക്യകാല പെൻഷൻ | 44435600 | 3489 |
| വികലാംഗപെൻഷൻ | 5851900 | 475 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2122400 | 169 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന13/07/20 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 5767/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

1. സമാന സ്വഭാവമുള്ള വാങ്ങലുകൾ ഒറ്റ വാങ്ങൽ ആയി കണക്കാക്കുകയും ടെൻഡർ നടപടികൾ അത്തരത്തിൽ സ്വീകരിക്കേണ്ടതുമാണ്. തത്ഫലമായുള്ള ഇ-ടെൻഡറുകൾ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

2.തൊഴിലുറപ്പ് പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ നിർവ്വഹണോദ്യോഗസ്ഥൻ പലതിലും ഒപ്പിടുകയോ, മേൽപരിശോധന നടത്തിയതായി രേഖപ്പെടുത്തുകയോ ചെയ്തു കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

3.ടെൻഡറുകൾ കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്. ടെൻഡറിനെ തുടർന്നുള്ള നടപടിക്രമങ്ങൾ ക്രമപ്പെടുത്താൻ ആയത് സഹായകമാണ് എന്ന് വിലയിരുത്തുന്നു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 17/02/2020,18/02/2020 | 12/ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 23/03/2017 | 2011-12 to 2015-16 | 16/05/2017 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1തൻവർഷം</u>

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 31,70,727 | 27,70,415 | 1,89,258 | 2,38,228 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 31,70,727 | 27,70,415 | 1,89,258 | *2,38,605 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *( 2,50,535/105X100)=2,38,605 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ | 21,55,733 | 18,02,563 | 1,64,718 | 2,17,757 |

| | | | | |
|---|---|---|---|---|
| പ്രകാരം | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 21,55,733 | 18,02,563 | 1,64,718 | *2,17,855 |
| | (ഇൻകം &എക്സിപെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101, Res bldg -ന്റെ ലെഡ്ജർ) | * (2,28,748/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 9,42,404 | 7,84,545 | 2,29,717 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *9,95,058 | 7,84,545 | **2,30,433 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (3,91,745+6,53,066=10,44,811/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (2,41,955/105X100)=230433, |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത്* (ഖണ്ഡിക 2.8 കാണുക) | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 6,83,181 | 4,75,289 | | 2,27,500 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *11,45,700 | 4,75,289 | 3,64,058 | **2,27,750 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (3,66,359.+8,36,626.=12,02,985/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101, Res bldg -ന്റെ ലെഡ്ജർ) | ** (239137/105X100)=2,27,750. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | റെസിഡൻഷ്യൽ | 1,62,422 | 50,240 | 2,12,662 | 1,41,162 | 39,873 | 1,81,035 | 10,063 | | 12,307 | 12,238 | 25,005 |
| | നോൺ-റെസിഡൻഷ്യൽ | 1,08,722 | 34,898 | 1,43,620 | 90,658 | 23,920 | 1,14,578 | | | 10,991 | 11,637 | 22,380 |
| | ആകെ | | | 3,56,282 | | | 2,95,613 | | | 47,385 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 3,94,408.2 | | | 2,95,350 | | | | 3,47,235 | 47,173.2 | | |
| | | 1,13,352.2+2,81,056 =3,94,408.2(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt. Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

2.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം

വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1, 2.2.2, 2.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues - Property tax on Residential building | 12,84,539 | 13,32,631 |
| 2 | 350410104-Advance collection of revenues - Property tax on Non-Residential building | ഇല്ല | 3,67,302 |

2.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 21/3/2019,31/3/2019 എന്നീ രണ്ടു തീയ്യതികളിലായി വർഷാന്ത്യത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,95,350/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,95,613/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account"എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,47,235/-രൂപയാണ്. (വൗച്ചർ 431100101 മുതൽ 431100103 വരെ തീ 31/3/2019 )(പട്ടിക 2.3 കാണുക ).

2.8 350410101 – Advance collection of revenues-Property tax on residential buiding എന്ന ശീർഷകത്തിൽ നിന്ന് 3,64,058/- രൂപ കുടിശ്ശിക വസ്തു നികുതി ഡിമാന്റ് തുകയിലേക്ക്(Residential) ക്രമീകരിച്ചതായി കാണുന്നു. വൗച്ചർ, അനുബന്ധ രേഖകൾ ലഭ്യമല്ല. മുൻകൂർ തുക എപ്രകാരമാണ് കുടിശ്ശിക തുകയിലേക്ക് ക്രമീകരിക്കുന്നതെന്ന് വ്യക്തമല്ല. (പട്ടിക, 2.2.2)

3.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ നികുതി | 350410102-Advance collection of revenues-Profession tax /inst/trad/prof | 3,36,190 |
| 2 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 1,94,940 |

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും, വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200401-Prior period income-Other income | (3000), (171407)-(168407) |
| 280800201-Prior period-Administrative expenses | (300) |

6.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

8.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equiv alents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,43,65,792 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 29,37,072/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

9.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 4,325/- രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10.ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.2019 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ

ചേർക്കുന്നു.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 31/3/2019 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരം 31/3/2019 ലെ നീക്കിയിരിപ്പ് |
|---|---|---|
| 340109901-Other deposits | 3,01,373 | 6,27,139 |
| 340200101-Rent deposit | 11,11,595 | 7,96,929 |
| 340200102-Auction deposit | 1,25,755 | 1,25,155 |
| 340200199-Other deposit revenue | 57,201 | 56,701 |
| 340800101-Deposit received from others | 84,124 | 74,124 |

എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ അബ്സ്ട്രാക്റ്റ് പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് തുകയും ബാലൻസ്ഷീറ്റ് പ്രകാരം 31.03.2019 ലെ ആകെ ഡെപ്പോസിറ്റ് നീക്കിയിരിപ്പ് തുകയും 23,35,176/- രൂപയാണ്. ആയതിനാൽ ശീർഷകങ്ങളിലുള്ള വ്യത്യാസം 2019-20 ൽ ക്രമീകരിക്കേണ്ടതാണ്.

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/19 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/19 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നം. | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 320200399 | Grants,Funds and contributions for specific purposes-Other than development fund and state sponsore | 2,38,031 | 450410102 | IOB- MN other fund | 2,77,129<br>ഈ അക്കൗണ്ടിലെ പലിശ വരുമാനം തനത് ഫണ്ടിലേക്ക് ഉൾപ്പെടുത്തുന്നതാണ് വ്യത്യാസതിതിന് കാരണം. വ്യത്യാസം2019-20 ൽ ക്രമീകരിക്കേണ്ടതാണ്. |
| 2 | 320800101 | Beneficiary contribution | 79,746 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | | |

12. താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് പ്രകാരം ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1. | 450410104 | SBT (continuing education) | 1,63,824 |

13. താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ഡെപ്പോസിറ്റ് തുക |
|---|---|---|
| 1 | 460500201-Advance to implimenting agencies-deposit with water authority | 10,00,000 |
| 2. | 460500202-Advance to implimenting agencies-deposit with KSEB | 4,09,693 |

13.1മേൽ പ്രകാരം വികസനഫണ്ട്/(മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ)ൽ നിന്നും നല്കിയ മേൽ തുകകൾ 31/3/2019 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants and contribution for specific purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-5 പ്രകാരം 31/3/2019 ൽ വായ്പ ഇനത്തിൽ 38,21,649/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

15.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/ എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent from Building | 6,15,720<br>82,920 | 21/3/2019<br>31/3/2019 | 41800164<br>41800297 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

16.തൊഴിൽ രഹിത വേതനത്തിന്റെ സബ്സിഡിയറി ക്യാഷ്ബുക്ക്, വേതന വിതരണ രജിസ്റ്റർ എന്നിവ പൂർത്തിയാക്കി, സംക്ഷിപ്തം രേഖപ്പെടുത്തി, തിരിച്ചടച്ച ചലാനുകൾ സഹിതം, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവ് തുകകൾ വാർഷികകണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിലും സബ്സിഡിയറി ക്യാഷ്ബുക്ക്, വേതന വിതരണ രജിസ്റ്റർ എന്നിവ പൂർത്തീകരിക്കാത്തതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-12 ഡി & ഒ ലൈസൻസ് പൊതു അപാകതകൾ

1.ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തിൽ 455 സ്ഥാപനങ്ങളാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (14/13.7.20) നൽകിയെങ്കിലും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ 1807 വാണിജ്യ കെട്ടിടങ്ങളുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് (2/9.7.20) നൽകിയ മറുപടി. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 2640 വാണിജ്യ കെട്ടിടങ്ങളുണ്ടെന്നാണ് ഓഡിറ്റിന് ബോധ്യപ്പെടുന്നത്. വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിൽ വേക്കൻസി റമിഷൻ അപേക്ഷകളൊന്നും തന്നെയില്ല. 455 സ്ഥാപനങ്ങൾ ഒഴികെയുള്ള വാണിജ്യ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(14/13.7.20) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും

ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന സ്ഥാപനങ്ങളെ ഡി & ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

2.<u>ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫാമുകൾ എടുക്കുന്നില്ല</u>

ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 15 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് നമ്പർ നൽകിയതായി കാണുന്നു.2018-19 സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാമുകൾ നടത്തുന്നതിന് ഫാം ലൈസൻസ് എടുക്കുന്നതിന് അപേക്ഷകളൊന്നും തന്നെയില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(17/14.7.20) നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ ഓരോ വാർഡിലും ഫീൽഡ് പരിശോധന നടത്തി അനധികൃതമായി പ്രവർത്തിച്ച് വരുന്ന ലൈവ് സ്റ്റോക്ക് ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

# 1-13 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അനുമതിയില്ലാതെ വേക്കൻസി റമിഷൻ അനുവദിക്കുന്നു

2018-19 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ XVI/303C,XIV/25C എന്നി കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്. കെട്ടിട നം XVI/303C കെട്ടിടത്തിന് രണ്ടാം അർദ്ധവർഷത്തെയും, കെട്ടിട നമ്പർ XIV/25C കെട്ടിടത്തിന് രണ്ടു അർദ്ധവർഷത്തെയും വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുവാദം ഉള്ളതായി കാണുന്നില്ല. വേക്കൻസി റമിഷൻ അപേക്ഷകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(12/13.7.20) നൽകി, മറുപടിയായി അടുത്ത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വച്ച് അനുവാദം വാങ്ങുമെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരം അപാതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-14 ക്രമവത്ക്കരണ അപേക്ഷകളിൽ ചട്ടപ്രകാരമുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്

അപേക്ഷ നം എ4/8099/18 തി 15.10.18 പ്രകാരം ശ്രീ ആന്റോ പയ്യപ്പിള്ളി വീട് എന്നയാൾ 1499.1 ച.മീ കെട്ടിടത്തിന് ക്രമവത്ക്കരണത്തിനായി അപേക്ഷ നൽകിയിട്ടുണ്ട്. ക്രമവത്ക്കരണ ഫീസായ 14991/- രൂപ രശീതി നം.118010104915/12.12.18 പ്രകാരം അടവാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ പണി പൂർത്തികരിച്ച് 468.40ച.മീ വിസ്തൃതിയ്ക്ക് ക്രമവത്ക്കരണം അനുവദിച്ച് കെട്ടിടനമ്പർ നൽകിയിട്ടുണ്ട്. 1000 ച.മീ മുകളിലുള്ള വാണിജ്യ കെട്ടിട നിർമ്മിതികൾക്ക് അഗ്നിശമന ഡയറക്ടറിൽ നിന്നും നിരാക്ഷേപ പത്രം ആവശ്യമാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും പ്രസ്തുത സാക്ഷ്യപത്രം കാണാൻ സാധിച്ചില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/14.7.20) നൽകി, മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്രമവത്ക്കരണ അപേക്ഷകളിൽ ചട്ടപ്രകാരമുള്ള നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

# 1-15 തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകതകൾ

1.<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(2/9.7.20) നൽകി, ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

2.<u>പാരാമെഡിക്കൽ വിദഗ്ദ്ധർ,ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി കുറവായി ഈടാക്കുന്നു</u>

പാരാമെഡിക്കൽ വിദഗ്ദ്ധർ,ഡോക്ടർമാർ എന്നിവരിൽ നിന്നും ചട്ടപ്രകാരം 2500/- രൂപയാണ് തൊഴിൽ നികുതി ഈടാക്കേണ്ടത്.എന്നാൽ താഴെ പറയും പ്രകാരമാണ് തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നത്

| ക്രമ നം | സ്ഥാപനം | നികുതി |
|---|---|---|
| 1 | മെട്രോ ലൈറ്റ് ലബോറട്ടറി & ഇ.സി,ജി | 600/- |
| 2 | അറയ്ക്കൽ വൈദ്യമഠം | അടവാക്കിയിട്ടില്ല |
| 3 | നിർണ്ണയ ലബോറട്ടറി | 600/- |

ഈ സ്ഥാപനങ്ങളിലെ പാരാമെഡിക്കൽ വിദഗ്ദ്ധർ,ഡോക്ടർമാർ എന്നിവരിൽ നിന്നും ചട്ടപ്രകാരം 2500/- രൂപ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

3.<u>സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല.</u>

താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിൽ അടവാക്കുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | ബി.എസ്.എൻ.എൽ | I,II |
| 2. | SIB, നന്തിപുലം | I,II |
| 3. | ക്ഷീര വ്യവസായ സഹകരണ സംഘം, വേലൂപ്പാടം | I,II |
| 4. | സെന്റ് ജോസഫ് ഹോസ്പിറ്റൽ, വേലൂപ്പാടം | I,II |
| 5. | ഹാരിസൺ മലയാളം പാലപ്പിള്ളി എസ്റ്റേറ്റ് | I,II |
| 6. | ഹാരിസൺ മലയാളം മുപ്ലീയം എസ്റ്റേറ്റ് | I,II |
| 7. | ജൂങ്കോട്ട് ലി എസ്റ്റേറ്റ് | I,II |
| 8. | രചന ഹോട്ടൽ | I,II |
| 9. | ലോഡ്സ് അക്കാദമി | I,II |
| 10 | എസ്.സി.ബി, വരന്തരപ്പിള്ളി | I,II |
| 11 | ഉദയ ഫണ്ട് | I,II |
| 12 | ലോൺ ജ്വല്ലേഴ്സ് ഇന്ത്യ, വരന്തരപ്പിള്ളി | I,II |

ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (3/9.7.20) നൽകിയെങ്കിലും അടവാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. ആയതിനാൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 വാടക ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സിൽ വരന്തരപ്പിള്ളി വില്ലേജ് കാര്യാലയം വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. എന്നാൽ നാളിതുവരെയായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (14/13.7.20) നൽകിയെങ്കിലും അടവാക്കുന്നില്ലായെന്നാണ് മറുപടി നൽകിയത്. ആയതിനാൽ വരന്തരപ്പിള്ളി വില്ലേജ് കാര്യാലയത്തിൽ നിന്നും വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 ആദായ നികുതി ഈടാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്റ്റ് നം.3/18-19, പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ (ചെലവ് തുക-2,98,492/-), എന്നയിനത്തിൽ തനത് ഫണ്ട് വൗച്ചർ നം.21800204/25.06.2018 പ്രകാരം 1,26,390/- രൂപ വിവിധ പദ്ധതികളുടെ ആസൂത്രണത്തിന്റെ ഭാഗമായി പ്രിന്റിംഗ് നടത്തിയതിനുള്ള ചെലവ് തുകയായി ജനറൽ ഓഫ്സെറ്റ് പള്ളിക്കുന്ന്, വരന്തരപ്പിള്ളി എന്ന സ്ഥാപനത്തിന്റെ പ്രോപ്രൈറ്ററായ ബാബു ആന്റണിക്ക് നൽകിയിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194(C) പ്രകാരം 30000/- രൂപയ്ക്കു മുതലുള്ള ഓരോ പ്രവൃത്തിയ്ക്ക്/വർഷത്തിൽ 1,00,000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടറിൽ നിന്നും 1% നിരക്കിൽ (പാൻ ഇല്ലെങ്കിൽ 20%) ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും ആദായനികുതി നിയമ പ്രകാരം ഈടാക്കേണ്ടതായ TDS തുക ഈടാക്കിയിട്ടില്ല. നിയമപ്രകാരമുള്ള ആദായനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-18 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) പ്രൊജക്റ്റ് നം.164/18-19, അങ്കണവാടി പോഷകാഹാരം

അങ്കണവാടികൾക്ക് വിതരണം ചെയ്യുന്നതിനായി കുമാരിപ്ലസ്, പോഷക് മിക്സ് എന്നിവ അമൃതം ഫുഡ് സപ്ലിമെന്റ്, പവിത്രം യൂണിറ്റ്, കൊടകര എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ പഴയ VAT ബില്ലാണ് ഇവയ്ക്ക് നൽകിയിട്ടുള്ളത്. 2017 ജൂലായ് 1 മുതൽ ജി.എസ്.ടി നടപ്പിലാക്കിയതിനാൽ VAT ബിൽ കാലഹരണപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ എല്ലാ വാങ്ങലുകൾക്കും ജി.എസ്.ടി ബിൽ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി ബിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

2) പ്രൊജക്റ്റ് നം.178/18-19, വയോജനരക്ഷാ പ്രവർത്തനങ്ങൾ നടത്തൽ

കട്ടിൽ, വീൽചെയർ, വാട്ടർബെഡ് എന്നിവ വാങ്ങുന്നതിനായി ലഭ്യമാക്കിയ ക്വട്ടേഷൻ പ്രകാരം വാട്ടർ ബെഡ് ഒന്നിന് ആർട്ട്കോ

2,500+18%GST എന്നും കെൽട്രോൺ നികുതി അടക്കം 1,700/- രൂപ എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കൂടിയ തുക രേഖപ്പെടുത്തിയ ആർട്ട്കോയിൽ നിന്നും 10 വാട്ടർബെഡ്ഡുകൾ വാങ്ങുകയാണ് ചെയ്തിട്ടുള്ളത്.

പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സിൽ ക്വട്ടേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയോ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ചത് സംബന്ധിച്ച വിവരങ്ങളോ കൂടിയ വിലയ്ക്ക് ബെഡ് വാങ്ങിയതിനുള്ള കാരണമോ രേഖപ്പെടുത്തിയിട്ടില്ല.

3) പ്രൊജക്ട് നം.196/18-19, ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം

എട്ട് ഗുണഭോക്താക്കൾക്ക് മുച്ചക്ര വാഹനം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഷിഹാബുദ്ദീൻ.സി.എസ്, സിയാസ്. എൻ.എ എന്നീ രണ്ട് ഗുണഭോക്താക്കളുടെ ലേണേഴ്സ് ലൈസൻസ്/ ഡ്രൈവിങ്ങ് ലൈസൻസ് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.18/14.07.2020 ന് മറുപടി ലഭ്യമായിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-19 ലൈഫ് ഭവന പദ്ധതി - പണി പൂർത്തിയാക്കാത്തവയിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ – 156/18-19, ലൈഫ് മിഷൻ – ഭവന നിർമ്മാണം (ജനറൽ), തുക – 1,15,00,000/-

നിർവഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഓ (വേലൂപ്പാടം സർക്കിൾ)

വൗച്ചർ നം. 21800734/24.07.18 – 9,20,000

21800744/03.09.18 – 2,40,000

21800750/25.09.18 – 24,00,000

21800762/08.11.18 – 18,47,200

21800597/12.11.18 – 6,46,315

21800596/12.11.18 – 16,24,836

" " 21800886/05.01.19 – 25,55,746

" " 21801432/29.03.19 – 12,65,903

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് , മേൽവിലാസം | അനുവദനീയമായ തുക | നൽകിയ തുക |
|---|---|---|---|
| 1 | ഉമ്മുസൽമ, കുണ്ടുവായിൽ | 4 ലക്ഷം | 2 ലക്ഷം |
| 2 | സൈബുന്നീസ ഇബ്രാഹിം, കളപ്പാടൻ | 4 ലക്ഷം | 2 ലക്ഷം |
| 3 | ജമീല അബ്ദുൾ അസീസ്, തറയിൽ | 4 ലക്ഷം | 2 ലക്ഷം |
| 4 | ഷാബിറ ഹംസ, വൈപ്പിൻകാട്ടിൽ | 4 ലക്ഷം | 3 ലക്ഷം |
| 5 | വർഗ്ഗീസ്, ഞെരിഞ്ഞാംപിള്ളി | 4 ലക്ഷം | 2 ലക്ഷം |
| 6 | ആനി അന്തോണി, കല്ലൂക്കാരൻ | 4 ലക്ഷം | 3 ലക്ഷം |
| 7 | പാത്തുമ്മക്കുട്ടി മജീദ്, പൂവ്വത്തിങ്കൽ | 4 ലക്ഷം | 40,000* |
| 8 | ഷൈലജ വിജയകൃഷ്ണൻ, ചെറുമഠത്തിൽ | 4 ലക്ഷം | 3,60,000 |

* മേൽ ഗുണഭോക്താക്കളിൽ ക്രമ നം. 7 പാത്തുമ്മക്കുട്ടി മജീദ്, പൂവ്വത്തിങ്കൽ പണി തുടങ്ങിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നം.7/10.07.2020 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 രേഖകൾ ലഭ്യമാക്കാത്ത പദ്ധതികൾ

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് രശീതി മുതലായ രേഖകൾ ലഭ്യമാക്കാത്തവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം., പേര് | വൗച്ചർ നം., തീയതി | തുക | ലഭ്യമാകാത്ത രേഖകൾ |
|---|---|---|---|---|
| 1 | 1/18-19, ഐ.കെ.എം വിഹിതം നൽകൽ | 21800726/19.07.2018 | 1,19,803/- | വിനിയോഗ സാക്ഷ്യപത്രം |
| 2 | 118/18-19, സുശാന്തം-വയോജനക്ഷേമപ്രവർത്തനം | 21800735/27.07.2018 | 50,000/- | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 3 | 120/18-19, വിജ്ഞാൻ സാഗർ-വിഹിതം നൽകൽ | 21800736/27.07.2018 | 1,00,000/- | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | 128/18-19, എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും | 21801438/29.03.19 | 6,36,480/- +70,720/- (റീടെൻഷൻ) | കൈപ്പറ്റ് രശീതി |
| 5 | 299/18-19, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ (വാർഡ് 9,10) | 21800686/18.05.2018 | 5,00,000/- | പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 6 | 301/18-19, മൂല്ലിയം ലക്ഷം വീട് കുടിവെള്ള പദ്ധതി | 21800685/18.05.2018 | 5,00,000/- | പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 7 | 315/18-19, പഞ്ചായത്ത് കോൺഫറൻസ് ഹാൾ ഇന്റീരിയർ ഡിസൈനിങ്ങ് | 21800673/01.12.18 | 73,272/- | കൈപ്പറ്റ് രശീതി |
| 8 | 342/18-19, ജനത അംഗൻവാടി ഇലക്ട്രിഫിക്കേഷൻ (വാർഡ് 21) | 21801058/22.02.19 | 38,774/- | പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 9 | 353/18-19, കലവറക്കുന്ന് പ്രാഥമികാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം | 21801027/13.02.19 | 5,00,000/- | കോസ്റ്റ്ഫോർഡുമായുള്ള കരാറിൽ നിർമ്മാണ കാലപരിധി രേഖപ്പെടുത്തിയിട്ടില്ല* |
| 10 | 356/18-19, മുത്തുമല ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിഫിക്കേഷൻ | 21801445/30.03.19 | 5,912/- | കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം |

*കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നം.21/15.07.2020 നുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-21 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1) പ്രൊജക്ട് നം.311/18-19, ആപൽക്കരങ്ങളായ മരങ്ങൾ വെട്ടിമാറ്റൽ, അടങ്കൽ –1,25,000/-.

വിവിധ മരങ്ങൾ മുറിക്കുന്നതിനായി എസ്.ബി.സത്യൻ, സ്രാമ്പിക്കൽ വീട്, വരന്തരപ്പിള്ളി എന്നയാൾക്ക് 25.06.2018ന് കരാർ നൽകിയിട്ടുണ്ട്. മരങ്ങൾക്ക് റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ (സോഷ്യൽ ഫോറസ്ട്രി റേഞ്ച്, ചാലക്കുടി) വാല്യുവേഷൻ പ്രകാരം 2,97,190/- രൂപ വില മതിപ്പുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. തനത് ഫണ്ട് വൗച്ചർ നം.21800219/25.06.2018 പ്രകാരം 29,592/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരന് ബാക്കി തുക നൽകുന്നത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മുറിച്ച മരങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികളെ സംബന്ധിച്ചോ തുടർ നടപടികളെ സംബന്ധിച്ചോ ഫയലിൽ രേഖപ്പെടുത്തലുകൾ കാണുന്നില്ല.

പ്രൊജക്ട് റിപ്പോർട്ടിൽ അടങ്കൽ തുകയായി 1,28,000/- എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സുലേഖ പത്രികയിലെ തുകയുമായി വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/13.07.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

2) പ്രൊജക്ട് നം. 127/18-19, എൽ.ഇ.ഡി ബൾബുകൾ വാങ്ങൽ

വൗച്ചർ നം.21800674/01.12.18, തുക – 3,99,900/- (തനത് ഫണ്ട്)

9W LED ബൾബുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിക്കുകയും 15.08.2018 തീയതിയിലെ 6/6 നമ്പർ ഭരണസമിതി തീരുമാനപ്രകാരം 86.50 രൂപ നിരക്കിൽ 2 വർഷ വാറണ്ടിയിൽ ചിത്തിര അസോസിയേറ്റ്സ്, പുതിയംഗം, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും 4650 LED ബൾബുകൾ വാങ്ങുകയും ചെയ്തു. എന്നാൽ ഏഷ്യൻ മാർക്കറ്റിങ്ങ്, വാഴക്കാട്, മലപ്പുറം എന്ന സ്ഥാപനം 65 രൂപ നിരക്കും (നികുതിയടക്കം, Parax എന്ന കമ്പനിയുടെ), അറോറ എന്റർപ്രൈസസ്, തൃശ്ശൂർ എന്ന സ്ഥാപനം 60+12%ടാക്സ് എന്ന നിരക്കും (ഓർക്കുട്ട് എന്ന കമ്പനിയുടെ) ക്വാട്ട് ചെയ്തിരുന്നു. ഇവ പരിഗണിക്കുകയോ നിരസിക്കാൻ കാരണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച വിവരങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഗുണനിലവാരം പരിശോധിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3) പ്രൊജക്ട് നം.321/18-19, ഹോൾഡർ, സർവ്വീസ് വയർ, അലുമിനിയം ഷേഡ് മുതലായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

വൌച്ചർ നം.21801439/29.03.19, തുക – 1,00,000/- (തനത് ഫണ്ട്)

15.08.2018 തീയതിയിലെ അടിയന്തിര യോഗത്തിലെ 6/6 നമ്പർ തീരുമാന പ്രകാരം ചിത്തിര അസോസിയേറ്റ്സ്, പുതിയംഗം, പാലക്കാട് എന്ന സ്ഥാപനത്തിന്റെ താഴെ പറയുന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

i) അലുമിനിയം വയർ 1.5 sq.mm single core – 5.75/mtr

ii) ഹോൾഡർ 16 രൂപ ഒരെണ്ണത്തിന്

iii) 8 ഇഞ്ച് അലുമിനിയം ഷേഡ് 38 രൂപ ഒന്നിന്

a) ടെണ്ടറിൽ രേഖപ്പെടുത്തിയ 16 രൂപ നിരക്കിന് പകരം, ഇൻവോയ്സ് നം. 059/25.03.19 പ്രകാരം 2200 ഹോൾഡറിന് 15.25+18% ജി.എസ്.ടി (18/- രൂപ) കണക്കാക്കി 39,589/- രൂപയാണ് ഈടാക്കിയിട്ടുള്ളത് (2200x2=4400 രൂപ അധികം).

b) 16.01.2019 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം.18(2) പ്രകാരം 1.5 sq.mm സിംഗിൾ കോർ വയർ കനം കുറവായതിനാൽ ഈട് കുറയുമെന്ന് തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ ഏറ്റെടുത്തവർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തിരിച്ചേൽപ്പിച്ച് 1.5 sq.mm ഡബിൾ കോർ അലുമിനിയം വയർ 8 രൂപ നിരക്കിൽ എത്തിച്ച് വിതരണം ചെയ്യുന്നതിന് മേൽ സ്ഥാപനത്തെ ചുമതലപ്പെടുത്തി. വിദശ അഭിപ്രായം തേടി യഥാർത്ഥത്തിൽ ആവശ്യമായ സ്പെസിഫിക്കേഷൻ സഹിതം ടെണ്ടർ ക്ഷണിക്കാതിരുന്നത് ടെണ്ടർ നടത്തുന്നതിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ബാധിക്കുന്നതാണ്. ഇത്തരം നടപടി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ചയായി കാണേണ്ടതാണ്. പ്രോക്യൂർമെന്റ് കമ്മിറ്റി ഇത്തരം വസ്തുതകൾ ചർച്ച ചെയ്യുകയോ മിനിറ്റ്സിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല.

ഇൻവോയ്സ് നം.060/26.03.19 പ്രകാരം 22 കോയിൽ (90മീറ്റർ/കോയിൽ) 1.5sq.mm ഡബിൾ കോർ അലുമിനിയം വയർ കോയിലിന് 720+18% ജി.എസ്.ടി (849.60/കോയിൽ, 9.44/മീറ്റർ, ടെണ്ടറിലെ നിരക്കിനേക്കാളും 1.44 രൂപ അധികം) നിരക്കിൽ 18,691/- രൂപ ഈടാക്കിയിരിക്കുന്നു (1.44x90x22=2851.20 രൂപ അധികം).

സ്ഥാപനത്തിന് നൽകിയ 1,00,000/- രൂപയുടെ രശീതി ലഭ്യമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ രണ്ട് പ്രോജക്ടുകളും തെരുവ് വിളക്കിനായുള്ളതും സമാന സ്വഭാവമുള്ളതും ടെണ്ടറിൽ പങ്കെടുക്കുന്നത് ഒരേ തരം സ്ഥാപനങ്ങളായതിനാലും ഇവ രണ്ടും ചേർത്ത് ഒരൊറ്റ പ്രൊജക്ടായി നടപ്പിലാക്കാവുന്നതായിരുന്നു. മൊത്തം 5,00,000/- രൂപ അടങ്കൽ വരുന്നതായതിനാൽ ഇ-ടെണ്ടർ നടത്തി കൂടുതൽ മത്സരസ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കാൻ ആയത് ഉപകാരപ്പെടുമായിരുന്നു. അതിന് പകരം രണ്ട് വ്യത്യസ്ത പ്രൊജക്ടായി ഇവ നടപ്പിലാക്കാനുണ്ടായ കാരണം അറിയിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/15.07.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

4) പ്രൊജക്ട് നം.305/18-19, ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള വയറിംഗ്

വൌച്ചർ നം.21800776/19.11.18, തുക – 1,09,852/-

08.02.2018 തീയതിയിൽ 2,00,000/- രൂപ അടങ്കൽ നിശ്ചയിച്ച് ഈ പ്രൊജക്ടിനായി ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ത്രിതല ഇലക്ട്രിഫിക്കേഷൻ കമ്മിറ്റി നൽകുന്ന സാങ്കേതികാനുമതി ലഭ്യമാകുന്നത് 28.02.2018 തീയതിയിൽ മാത്രമാണ് (നം.240/EE/LSGD/Electrical Committee/2017-18). 1,45,000/- രൂപയ്ക്കാണ് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത്. സാങ്കേതികാനുമതി ലഭ്യമാകുന്നതിന് മുൻപ് ടെണ്ടർ നടത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.25/15.07.2020 ന് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 1-22 എഗ്രിമെന്റ് വെയ്ക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 ലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്കു ശേഷം 14 ദിവസത്തിനുള്ളിൽ കരാറിൽ ഒപ്പു വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം എഗ്രീഡ് പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് തുടർന്നു വരുന്ന പത്തു ദിവസത്തേക്ക് കരാർ ഒപ്പുവെക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. തുടർന്നും കരാർ വെയ്ക്കാത്ത സംഗതികളിൽ കരാർ റദ്ദു ചെയ്യാനേ വ്യവസ്ഥയുള്ളൂ. ഓഡിറ്റ് വർഷം താഴെ ചേർക്കുന്ന പ്രവൃത്തികളിൽ മേൽ കാണിച്ച നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും കരാർ ഒപ്പു വെയ്ക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഴ പോലും ഈടാക്കാതെ കരാർ ഒപ്പു വെച്ച നടപടിക്ക് സാധുത ഇല്ലാത്തതിനാൽ പിഴത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | സെലക്ഷൻ നോട്ടീസ്/ തിയ്യതി/ കരാറുകാരൻ | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി | പി.എ.സി | ഈടാക്കേണ്ടിയിരുന്ന പിഴ | ഈടാക്കിയ പിഴ | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 107/18-19<br>മാട്ടുമല നിലം പതി റോഡ് റീടാറിംഗ് കാന നിർമ്മാണം. | 107/18-19 dt. 19/09/18.<br>കെ.കൃഷ്ണൻ കുട്ടി. | 15/10/2018(88/AE/LSGD/VPLY/2018-19) | 927416.38 | 9270 | Nil | AE LSGD |
| 13/18- | 13/18-19 dt. | 15/10/2018(89/AE/LSGD/VPLY/18- | 772768 | 7727 | Nil | AE.LSGD |

| | | | | | | |
|---|---|---|---|---|---|---|
| 19പുളിഞ്ചോട് വാസുപുരം റോഡ് റീടാറിംഗ് | 19/09/2018 കെ.കൃഷ്ണൻ കുട്ടി | 19) | | | | |
| 211/18-19 കലവറകുന്ന് പി.എച്ച്.സി അറ്റകുറ്റപ്പണികൾ. | 211/18-19 dt.19/09/2018 | 15/10/2018 (93/AE/LSGD/VPLY/2018-19) | 30630 | 1000 | Nil | AE.LSGD |
| | | | | ആകെ.17997 | | |

ഓഡിറ്റ് എൻക്വയറി നമ്പർ.19.14/07/2020

# 1-23 തൊഴിലുറപ്പു പദ്ധതി -ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചെലവ് നടക്കുന്നതുമായി ബന്ധപ്പെട്ട് അക്രഡിറ്റഡ് എഞ്ചിനീയറുടേയും ഓവർസിയറുടേയും സാക്ഷ്യപ്പെടുത്തലുകൾ മാത്രമേ ഫയലിലും എം ബുക്കിലും ചേർത്തിട്ടുള്ളൂ. നിർവ്വഹണോദ്യോഗസ്ഥൻ എവിടേയും ഒപ്പ് ചേർക്കുകയോ, ഫണ്ട് പാസ്സാക്കുകയോ ചെയ്യുന്നതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ് .

| പദ്ധതിയുടെ പേര് | ചെലവ് | എം.ബുക്ക് നമ്പർ | ഫയൽ നമ്പർ |
|---|---|---|---|
| പീടിക്കപറമ്പ് പ്രദേശത്തെ കുടുംബങ്ങൾക്ക് കിണർ നിർമ്മാണം | 34236 | 16 | 325035 |
| പീടിക്കപറമ്പ് പ്രദേശത്തെ ജലസേചന കുളം നിർമ്മാണം | 98532 | 55 | 357826 |
| പീടിക്കപറമ്പ് പ്രദേശത്ത് മണ്ണ് ജലസംരക്ഷണം | 487968 | 25 | 487968 |

ഓഡിറ്റ് എൻക്വയറി നമ്പർ.22/15-07-2020

# 1-24 പാർട്ട് ബില്ലിനു ശേഷം കരാർ റദ്ദു ചെയ്യാതെ റീടെൻഷൻ തുക തിരികെ നൽകി

പ്രോജക്ട് നമ്പർ. 276/19

പ്രോജക്ടിന്റെ പേര്. പി.എച്ച്.സി അറ്റകുറ്റപ്പണികൾ വാർഡ്-13

കോൺട്രാക്ടർ.വി.പി.രാജൻ.

എഗ്രീഡ് പി.എ.സി. 714681.37

എഗ്രിമെന്റ് തിയ്യതി. 43/AE/LSGD/VPLY?2017-18 തിയ്യതി. 11/10/17

- പ്രവൃത്തിയിൽ മൂന്ന് പ്രധാന ഇനങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. ബിൽഡിംഗ് മെയിന്റനൻസ്, കോംപൗണ്ട് വാൾ നിർമ്മാണം., ഡീപ്പ് ബറിയൽ പിറ്റ് എന്നിവ. ഇതിൽ ബിൽഡിംഗ് മെയിന്റനൻസ് ചെയ്തതായി കാണുന്നു. 2017-18 വർഷാവസാനം 60145 രൂപയുടെ പാർട്ട്ബിൽ(ട്രഷറി ബിൽ തിയ്യതി. 26/03/2018) പാസ്സാക്കിയിട്ടുണ്ട്.(എം.ബുക്ക് നമ്പർ 28/18). 17-18 ൽ തുടങ്ങിയ പ്രവർത്തി 2018-19 വർഷം സ്പിൽ ഓവർ ആക്കിയിട്ടുണ്ട്. എന്നാൽ ഈ വർഷം ഒരു പ്രവർത്തിയും ചെയ്തിട്ടില്ല. ആകെ പന്ത്രണ്ട മാസം കാലയളവുള്ള പ്രവൃത്തി കാലാവധി കഴിഞ്ഞിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ, പഞ്ചായത്ത് കമ്മിറ്റി ടൈം എക്സ്റ്റെൻഷൻ നൽകുകയോ ചെയ്തിട്ടില്ല. ആകെ കൃത്യമായി അതിർത്തി നിർണയിക്കാത്തതിനാൽ പ്രവർത്തി പൂർത്തീകരിക്കാനാകുന്നില്ല എന്ന തിയ്യതി വെക്കാത്ത കരാറുകരാന്റെ ഒരു കത്ത് മാത്രമാണ് ഫയലിലുള്ളത്. എന്നാൽ 06/08/2019 തിയ്യതിയിൽ ചെക്ക് നമ്പർ. 1650742/06-08-2019 പ്രകാരം ആദ്യപാർട്ടു ബില്ലിൽ നിന്നും റിടെൻഷൻ ആയി കുറവു ചെയ്തിരുന്ന തുക 6014 രൂപ കരാറുകാരന് തിരികെ നൽകിയതായി കാണുന്നു. ഈ പ്രവൃത്തി

പൂർത്തീകരിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും നടപടി ഉണ്ടായതായി രേഖയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ്എൻക്വയറി നൽകിയിരുന്നു. (AE.NO.1/7/20) ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദത്തോടെ കരാർ റദ്ദ് ചെയ്യാതെയാണ് റിടെൻഷൻ തിരിച്ച് നൽകിയത് എന്ന് പറഞ്ഞിട്ടുണ്ട്. മാത്രമല്ല അതിർത്തിത്തർക്കം നിലനിൽക്കുന്നതിനാൽ പണി പൂർത്തിയാകാനാകില്ല എന്ന അവസ്ഥയാണ് ഉള്ളത് എന്നും പറയുന്നു. എന്നാൽ ഇതു സംബന്ധിച്ച് രേഖപ്പെടുത്തലൊന്നും ഫയലിൽ ചേർത്തിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ അനുവാദം കൂടാതെ കരാർ റദ്ദ് ചെയ്യാതെ റിടെൻഷൻ തുക തിരിച്ച് നൽകിയ നടപടി നിയമപരമായി നിലനിൽക്കാത്തതാണ് എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി.1/07-07-2020

# 1-25 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- അപാകതകൾ

2018-19 വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ തൃശ്ശൂർ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ബിൽ നമ്പർ | തിയ്യതി | തുക |
|---|---|---|
| 01/2018-19 | 07.11.2018 | 200000 |
| 02/2018-19 | 16.01.2019 | 800000 |

നന്തിപുലം, വേലൂപ്പാടം ക്ഷീരസംഘങ്ങളിലെ 50 വീതം കിടാരികൾക്ക് 20.12.2018 മുതൽ കാലിത്തീറ്റ നൽകിവരുന്നു. നന്തിപുലം ക്ഷീരസംഘത്തിന്റെ കാലിത്തീറ്റ രജിസ്റ്റർ പ്രകാരം ക്രമനമ്പർ 13, 35, 38, 43 ഗുണഭോക്താക്കളും വേലൂപ്പാടം ക്ഷീരസംഘത്തിന്റെ കാലിത്തീറ്റ രജിസ്റ്റർ പ്രകാരം ക്രമനമ്പർ 32 ഗുണഭോക്താവും പദ്ധതിയിൽ തുടരുന്നില്ല. പദ്ധതിയിൽ തുടരാത്തവർക്കായി മുൻകൂർ അനുവദിക്കപ്പെട്ടിട്ടുള്ള തുക എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യ പത്രം ഹാജരാക്കേണ്ടതാണ്.

# 1-26 ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകിയതിന് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| പദ്ധതി | ബിൽനമ്പർ | തിയ്യതി | തുക |
|---|---|---|---|
| വരാക്കര കുടിവെള്ള പദ്ധതി എസ്.സി.പി | 09/18-19 | 21.11.2018 | 400000 |
| വേലൂപ്പാടം കുടിവെള്ള പദ്ധതി എസ്.സി.പി | 08/18-19 | 21.11.2018 | 600000 |

ഭൂഗർഭ ജലവകുപ്പ് തൃശ്ശൂർ ജില്ലാ ഓഫീസർക്ക് കുടിവെള്ള പദ്ധതികൾക്കായി മേൽപ്രകാരം തുക നൽകിയിട്ടുണ്ട്. ഈ തുകകൾക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-27 എസ്.സി.യുവാക്കൾക്ക് വാദ്യോപകരണങ്ങൾ നൽകൽ - അപാകതകൾ

എസ്.സി യുവാക്കൾക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ശ്രീ എൻ.വി.അയ്യപ്പൻ, നന്തിക്കര വീട് വരാക്കര എന്ന വ്യക്തിക്ക് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ബിൽനമ്പർ | തിയ്യതി | തുക |
|---|---|---|
| 19/18-19 | 22.02.2019 | 99700 |
| 20/18-19 | 23.02.2019 | 98400 |
| 24/18-19 | 26.02.2019 | 93100 |
| 26/18-19 | 08.03.2019 | 80800 |
| 27/18-19 | 08.03.2019 | 71175 |
| ആകെ | | 443175 |

ഈ പദ്ധതിയുടെ ബില്ലും ഫയലും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

i) 15 വീതം ഉരുട്ടുചെണ്ട, വീക്കൻചെണ്ട എന്നിവ വാങ്ങിയ പദ്ധതിയിൽ ബന്ധപ്പെട്ട രംഗത്തെ വിദഗ്ധൻ ഉൾപ്പെട്ട സമിതി രൂപികരിച്ച് ഗുണനിലവാരം പരിശോധിച്ചിട്ടില്ല

ii) 3 ഗ്രൂപ്പുകൾക്ക് നൽകുന്നതിനായി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും ഒരു ഗ്രൂപ്പിനു മാത്രമാണ് ഉപകരണങ്ങൾ കൈമാറിയിട്ടുള്ളത്.

iii) സർക്കാർ ഉത്തരവ് (കൈ) നം.22/2018 ത.സ്വ.ഭ.വ തിയ്യതി 14.02.2018 ഖണ്ഡിക 7.2.15 ൽ നിഷ്കർഷിക്കും വിധം 5% ഗുണഭോക്തൃവിഹിതം അടവാക്കേണ്ടതാണെങ്കിലും ഒരു ഗ്രൂപ്പിന്റെ ഗുണഭോക്തൃവിഹിതം മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതിയ്ക്കായി പണം പിൻവലിച്ച് ഉപകരണങ്ങൾ വാങ്ങിയതിന് ശേഷം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതിരുന്നത് പദ്ധതി നടത്തിപ്പിൽ വന്ന വീഴ്ചയായി കണക്കാക്കുന്നു. ഇക്കാരണത്താൽ 443175/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-28 ബാലസഭ പ്രവർത്തനങ്ങൾക്ക് തുക നൽകിയത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

ബിൽ നമ്പർ:05/18-19, തിയ്യതി : 31.08.2018, തുക:50000

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

2018-19 ലെ ബാലസഭ പദ്ധതിയിൽ മേൽപ്രകാരം 50000 രൂപ കുടുംബശ്രീ ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. കുടുംബശ്രീ ഓഫീസിൽ നിന്നും 46000 രൂപയുടെ താഴെപ്പറയുന്ന ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് നൽകിയത്.

| | |
|---|---|
| ബാലസഭ ഏകദിന പരിശീലനം | 25000 |
| ജാഗ്രതോത്സവം | 15000 |
| ബാലപാർലമെന്റ് | 6000 |
| ആകെ | 46000 |

ചെലവഴിക്കാത്ത ₹ 4000/- പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 എഗ്രിമെന്റ് വെയ്ക്കാൻ വൈകിയ സംഗതികളിൽ നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009.6 ലെ വ്യവസ്ഥകൾ പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതിക്കു ശേഷം 14 ദിവസത്തിനുള്ളിൽ കരാർ ഒപ്പു വെക്കേണ്ടതാണ്. അല്ലാത്ത പക്ഷം എ
പി.എ.സി യുടെ 1% പിഴ ഈടാക്കികൊണ്ട് തുടർന്നു വരുന്ന പത്തു ദിവസത്തേക്ക് കരാർ ഒപ്പുവെക്കാവുന്നതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ ഈ വ്യവസ്ഥ പാലിക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു. തുടർന്നും കരാർ വെയ്ക്കാത്ത സംഗതികളിൽ കരാർ റദ്ദു ചെയ്യാനേ വ്യവസ്ഥയുള്ളൂ. ഓഡിറ്റ് വർഷം താഴെ ചേർക്കുന്ന പ്രവൃത്തികളിൽ മേൽ കാണിച്ച നിയമാനുസൃത സമയപരിധി കഴിഞ്ഞിട്ടും കരാർ ഒപ്പു വെയ്ക്കുകയും പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പിഴ പോലും ഈടാക്കാതെ കരാർ ഒപ്പു വെച്ച നടപടിക്ക് സാധുത ഇല്ലാത്തതിനാൽ പിഴത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | സെലക്ഷൻ നോട്ടീസ്/ തിയ്യതി/ കരാറുകാരൻ | എഗ്രിമെന്റ് ഒപ്പു വെച്ച തിയ്യതി | പി.എ.സി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|---|
| 107/18-19 | 107/18-19 dt. | 15/10/2018(88/AE/LSGD/VPLY/2018- | 927416.38 | 9270 | Nil | AE LSGD |

| | | | | | | |
|---|---|---|---|---|---|---|
| മാട്ടുമല നിലം പതി റോഡ് റീടാറിംഗ് കാന നിർമ്മാണം. | 19/09/18. കെ.കൃഷ്ണൻ കുട്ടി. | 19) | | | | |
| 13/18-19പുളിഞ്ചോട് വാസുപുരം റോഡ് റീടാറിംഗ് | 13/18-19 dt. 19/09/2018 കെ.കൃഷ്ണൻ കുട്ടി | 15/10/2018(89/AE/LSGD/VPLY/18-19) | 772768 | 7727 | Nil | AE.LSGD |
| 211/18-19 കലവറകുന്ന് പി.എച്ച്.സി അറ്റകുറ്റപ്പണികൾ. | 211/18-19 dt.19/09/2018 | 15/10/2018 (93/AE/LSGD/VPLY/2018-19) | 30630 | 1000 | Nil | AE.LSGD |
| | | | | ആകെ.17997 | | |

ഓഡിറ്റ് എൻക്വയറി നമ്പർ.19.14/07/2020

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ബാലസഭ പ്രവർത്തനങ്ങൾക്ക് തുക നൽകിയത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

ബിൽ നമ്പർ:05/18-19, തിയ്യതി :31.08.2018, തുക:50000

നിർവ്വഹണ ഉദ്യോഗസ്ഥൻ:അസിസ്റ്റന്റ് സെക്രട്ടറി

2018-19 ലെ ബാലസഭ പദ്ധതിയിൽ മേൽപ്രകാരം 50000 രൂപ കുടുംബശ്രീ ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. കുടുംബശ്രീ ഓഫീസിൽ നിന്നും 46000 രൂപയുടെ താഴെപ്പറയുന്ന ചെലവ് രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് നൽകിയത്.

| | |
|---|---|
| ബാലസഭ ഏകദിന പരിശീലനം | 25000 |
| ജാഗ്രതോത്സവം | 15000 |
| ബാലപാർലമെന്റ് | 6000 |
| ആകെ | 46000 |

ചെലവഴിക്കാത്ത ₹ 4000/- പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 ടെണ്ടർ ചെയ്ത നിരക്കിനേക്കാളും അധിക തുക നൽകിയത് ഈടാക്കേണ്ടതാണ്

പ്രൊജക്റ്റ് നം.321/18-19, ഹോൾഡർ, സർവ്വീസ് വയർ, അലുമിനിയം ഷേഡ് മുതലായ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
വൌച്ചർ നം.21801439/29.03.19, തുക - 1,00,000/- (തനത് ഫണ്ട്)
15.08.2018 തീയതിയിലെ അടിയന്തിര യോഗത്തിലെ 6/6 നമ്പർ തീരുമാന പ്രകാരം ചിത്തിര അസോസിയേറ്റ്സ്, പുതിയംഗം, പാലക്കാട് എന്ന സ്ഥാപനത്തിന്റെ താഴെ പറയുന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.
i) അലുമിനിയം വയർ 1.5 sq.mm single core – 5.75/mtr
ii) ഹോൾഡർ 16 രൂപ ഒരെണ്ണത്തിന്
iii) 8 ഇഞ്ച് അലുമിനിയം ഷേഡ് 38 രൂപ ഒന്നിന്
a) ടെണ്ടറിൽ രേഖപ്പെടുത്തിയ 16 രൂപ നിരക്കിന് പകരം, ഇൻവോയ്സ് നം. 059/25.03.19 പ്രകാരം 2200 ഹോൾഡറിന് 15.25+18% ജി.എസ്.ടി (18/- രൂപ) കണക്കാക്കി 39,589/- രൂപയാണ് ഈടാക്കിയിട്ടുള്ളത് (2200x2=4400 രൂപ അധികം).

b) 16.01.2019 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം.18(2) പ്രകാരം 1.5 sq.mm സിംഗിൾ കോർ വയർ കനം കുറവായതിനാൽ ഈട് കുറയുമെന്ന് തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾ ഏറ്റെടുത്തവർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തിരിച്ചേൽപ്പിച്ച് 1.5 sq.mm ഡബിൾ കോർ അലുമിനിയം വയർ 8 രൂപ നിരക്കിൽ എത്തിച്ച് വിതരണം ചെയ്യുന്നതിന് മേൽ സ്ഥാപനത്തെ ചുമതലപ്പെടുത്തി. വിദഗ്ദ അഭിപ്രായം തേടി യഥാർത്ഥത്തിൽ ആവശ്യമായ സ്പെസിഫിക്കേഷൻ സഹിതം ടെണ്ടർ ക്ഷണിക്കാതിരുന്നത് ടെണ്ടർ നടത്തുന്നതിന്റെ ഉദ്ദേശശുദ്ധിയെത്തന്നെ ബാധിക്കുന്നതാണ്. ഇത്തരം നടപടി പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ വീഴ്ചയായി കാണേണ്ടതാണ്. പ്രോക്യൂർമെന്റ് കമ്മിറ്റി ഇത്തരം വസ്തുതകൾ ചർച്ച ചെയ്യുകയോ മിനിറ്റ്സിൽ രേഖപ്പെടുത്തലുകൾ വരുത്തുകയോ ചെയ്തിട്ടില്ല.

ഇൻവോയ്സ് നം.060/26.03.19 പ്രകാരം 22 കോയിൽ (90മീറ്റർ/കോയിൽ) 1.5sq.mm ഡബിൾ കോർ അലുമിനിയം വയർ കോയിലിന് 720+18% ജി.എസ്.ടി (849.60/കോയിൽ, 9.44/മീറ്റർ, ടെണ്ടറിലെ നിരക്കിനേക്കാളും 1.44 രൂപ അധികം) നിരക്കിൽ 18,691/- രൂപ ഈടാക്കിയിരിക്കുന്നു (1.44x90x22=2851.20 രൂപ അധികം).

ടെണ്ടർ ചെയ്ത നിരക്കിനേക്കാളും അധികമായി നൽകിയ 7,251/- (4400+2851) രൂപ തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2018-19 | 16.08.2019, 17.08.2019 | കെ.എസ്.എ-ടി.എസ്.ആർ. (എസ്.1)1120/19(77) തീയതി: 24.08.2019 |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1624836 | നെൽകൃഷി വികസനം | 943000 | |
| | | 1624836 | ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം (ലൈഫ് വിഷൻ-ജനറൽ) | 1624836 | |
| | | 145000 | ക്ഷീരസംഘങ്ങൾക്ക് സബ്സിഡി | 145000 | 0 |
| | | 258500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 258500 | |
| | | 100000 | ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം | 100000 | |
| | | 10000 | വിശദാംശങ്ങൾ ലഭ്യമല്ല | | 10000 |
| ജില്ലാ പഞ്ചായത്ത് | 2018/19 | 646315 | ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം | 646315 | |
| | | 600000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 600000 | |
| | | 300000 | ഭിന്ന ശേഷിയുള്ളവർക്ക് മുച്ചക്ര വാഹനം | 290080 | 9920 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ നീട്ടൽ വാർഡ്,9,10 | | 500000 | 0 | 500000 |
| | മുപ്ലിയം ലക്ഷം വീട് കുടി വെള്ള പദ്ധതി | | 500000 | 0 | 500000 |
| KSEB | അപകടകരമായ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് | | 358710 | 0 | 358710 |
| | ജനത അംഗൻവാടി ഇലക്ട്രിഫിക്കേഷൻ വാർഡ്-21 | | 38774 | 0 | 38774 |
| | മുത്തുമല ലിഫ്റ്റ് ഇറിഗേഷൻ | | 5912 | | 5912 |
| CostFord | കലവറക്കുന്ന് പ്രാഥമികാരോഗ്യകേന്ദ്രം കെട്ടിടനിർമ്മാണം | | 500000 | 0 | 500000 |
| GWA | വെള്ളാരം പാടം കുടിവെള്ള പദ്ധതി പൂർത്തീകരണം | | 229421 | 229421 | |
| | വരാക്കര കുടിവെള്ള പദ്ധതി | | 400000 | 400000 | |
| | വേലൂപ്പാടം എസ്.സി കുടിവെള്ള പദ്ധതി | | 600000 | 600000 | |

ബാലൻസ്ഷീറ്റ് B18 സ്റ്റേറ്റ്മെന്റ് പ്രകാരം KSEB ഡിപ്പോസിറ്റ് ബാലൻസ് 409693 രൂപയാണ്. സ്ഥാപനത്തിലെ കണക്ക് 403396രൂപയാണ്. ബാക്കി 6257രൂപയുടെ കണക്ക് വിശദീകരിക്കപ്പെടേണ്ടതാണ്.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വർഷാരംഭത്തിലെ തുക | അടവ് | വർഷാവസാനത്തിലെ തുക |
|---|---|---|
| 3821649 | ഇല്ല | 3821649 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം (A/R പ്രകാരം) | 11285955 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 896356 |
| 3 | ആകെ | 12182311 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12182311 |

# 4-7 ഓഡിറ്റ് റിക്കവറി

| | | | | |
|---|---|---|---|---|
| 2017-18 | 02-02 | 370 | ജോയ് ലിയോ പല്ലാട്ട് വീട്, വേലൂപ്പാടം | 119010103194, 21/08/2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ലഭ്യമാക്കിയിട്ടില്ല.

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ലഭ്യമാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 133654707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 119288915 |
| വരവിനങ്ങളിലുള്ള നഷ്ടം | 17997 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 11251 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 443175 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | ഇല്ല |
| 3-1 | | 4000 | ശ്രീ.ദിനേഷ്.എം.കെ, അസി.സെക്രട്ടറി |
| 3-2 | | 7251 | ഷെജി തോമസ്.പി, സെക്രട്ടറി ഇൻ-ചാർജ്ജ് |
| ആകെ | | 11251 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 443175 | ശ്രീ.ദിനേഷ്.എം.കെ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദിനേഷ്.എം.കെ അസി.സെക്രട്ടറി | സെക്രട്ടറി, ചേർപ്പ് ഗ്രാമപഞ്ചായത്ത് | കരുവാൻ വീട്, മണ്ണംപേട്ട, വരാക്കര.പി.ഒ |
| ശ്രീ.ഷെജിതോമസ്.പി, സെക്രട്ടറി ഇൻ-ചാർജ്ജ് | ജൂനിയർ സൂപ്രണ്ട്, വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് | പാലക്കൽ വീട്, മുട്ടിത്തടി.പി.ഒ |

# 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87,87-88 | കെ.എസ്.എ.ടി.എസ്.ആർ-പി-6-605/15/02-12-2015 |
| 1988-89,89-90 | |
| 1990-91 | |
| 1991-92 | |
| 1992-93 | |
| 1993-94 | |
| 1994-95 | കെ.എസ്.എ.ടി.എസ്.ആർ-പി-6-269/116/23-02-2016 |
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | എൽ.എഫ്.ടി-9-1673/03/03-03-2003 |
| 2001-02 | എൽ.എഫ്.ടി-9-1406/03/19-12-03/04-03-04 |
| 2002-03 | എൽ.എഫ്.ടി-9-650/06/11-08-06/1-12-2006 |
| 2003-04 | എൽ.എഫ്.ടി-9-2550/08/26-12-09 |
| 2004-05 | എൽ.എഫ്.ടി-9-2551/08/206-12-2009 |
| 2005-06 | എൽ.എഫ്.ടി-9-2558/08/26-12-2009 |
| 2006-07 | എൽ.എഫ്.ടി-9-587/10/03-02-20114 |
| 2007-08 മുതൽ 2010 —11 വരെ | എൽ.എഫ്.ടി.പി-2-1872/12/53-3-13/15-07-13 |
| 2011-12 | എൽ.എഫ്.ടി.പി-2-231/13/18-14-13/14-08-13 |
| 2012-13 | എൽ.എഫ്.ടി.പി-6-12/14/7-6-14/11.09-14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-പി-6-49/15/11-05-2015/11-06-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1110/16/11.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-പി.6-2228/16/17-1-.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1749/2017 തീ.29.11.2017/22.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ-പി.6-586/19 തീ. 24.05.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾപ്രകാരവും വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവു ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

തൃശ്ശൂർ ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ